9 (3335) പൊതുമേഖലാ ബാങ്കധികൃതരുടെ യോഗം

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യമന്ത്രി, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കാനറാ ബാങ്ക് എന്നീ പൊതുമേഖലാ ബാങ്കധികൃതരുമായി കൂടിയാലോചനായോഗം നടത്തിയിരുന്നോ; എങ്കിൽ ഈ യോഗത്തിൽ ഈ വായ്പാ നിക്ഷേപ അനുപാതം ഉയർത്തുമെന്ന് ബാങ്കധികൃതർ വാഗ്ദാനം നൽകിയിരുന്നുവോ; ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രി മുൻകൈയെടുത്ത് കേരളത്തിലെ പൊതുമേഖലാ ബാങ്കധികൃതരുടെ യോഗം വിളിച്ചുചേർത്തിരുന്നുവോ; എങ്കിൽ ഏറ്റവും ഒടുവിൽ യോഗം വിളിച്ചു ചേർത്തത് എപ്പോഴാണ്; പ്രസ്തുത യോഗത്തിലുണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണ്;

(സി) സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റിയുടെ യോഗം 1999 മേയ് 12-ന് ചേർന്നപ്പോൾ വായ്പാ നിക്ഷേപ അനുപാതം എത്രയാണെന്ന് വിലയിരുത്തിയിരുന്നുവോ;

(ഡി) എങ്കിൽ ഓരോ ബാങ്കിന്റേയും ഇതു സംബന്ധിച്ച കണക്കുകൾ സംബന്ധിച്ച റിപ്പോർട്ടും വിശദാംശങ്ങളും വ്യക്തമാക്കുമോ;

(ഇ) 1999 മാർച്ച് മാസമാകുമ്പോൾ വായ്പാനിക്ഷേപ അനുപാതം 50 ശതമാനവും 45 ശതമാനം വീതമായും ഉയർത്തുമെന്ന് യഥാക്രമം കാനറാ ബാങ്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയും നൽകിയ വാഗ്ദാനം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര വീതമാണ് ഉയർത്തിയിട്ടുള്ളത്;

(എഫ്) ബാങ്കുകൾ പി.എം.ആർ.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്ത് 1998-99-ൽ വായ്പാലക്ഷ്യമായി അംഗീകരിച്ചത് എത്ര ആണ്; ഇതിൽ എത്ര വായ്പ അനുവദിച്ചു; അനുവദിച്ചതിൽ എത്രപേർക്ക് തുക നൽകി;

(ജി) കെ.എസ്.ഇ.ബി.യുടെ കോഴിക്കോട് ഡീസൽ പവർ പ്രോജക്ടിന് 25 കോടി രൂപ വായ്പയായി അനുവദിക്കുമെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ്ട്രാവൻകൂർ വാഗ്ദാനം നൽകിയിരുന്നുവോ; എങ്കിൽ ഇത്രയും തുക കെ.എസ്.ഇ.ബി.ക്ക് നൽകിയിട്ടുണ്ടോ;

(എച്ച്) തുടർച്ചയായി കേരളത്തെ അവഗണിക്കുന്ന പൊതുമേഖലാ ബാങ്കുകളുടെ നടപടിക്കെതിരെ സംസ്ഥാന സർക്കാർ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 10-12-1998-ൽ ധനകാര്യമന്ത്രി കാനറാബാങ്ക്, എസ്.ബി.ഐ., എസ്.ബി.ടി. എന്നിവയിലെ ബാങ്കധികൃതരുമായി ചർച്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ 1999 മാർച്ച് മാസത്തോടെ കാനറാ ബാങ്കും എസ്.ബി.ടി.യും 45 ശതമാനവും എസ്.ബി.ഐ. 50 ശതമാനവുമായി അവയുടെ വായ്പാനിക്ഷേപ അനുപാതം വർദ്ധിപ്പിക്കാമെന്ന് വാഗ്ദാനം നൽകിയിരുന്നു.

ഈ ബാങ്കധികൃതരുമായി 17-7-99-ൽ മറ്റൊരു യോഗം ചേർന്ന് കൂടിയാലോചന നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുഖ്യമന്ത്രി മുൻകൈ എടുത്ത് യോഗം വിളിച്ചുചേർത്തിരുന്നു. 17-9-1996-ൽ ആയിരുന്നു യോഗം വിളിച്ചുചേർത്തിരുന്നത്. പ്രസ്തുത യോഗത്തിൽ എസ്.ബി.ഐ. അതിന്റെ വായ്പാനിക്ഷേപ അനുപാതം 1997 മാർച്ച് അവസാനത്തോടെ 50 ശതമാനമായി ഉയർത്താമെന്നും എസ്.ബി.ടി. മുൻഗണനാ വിഭാഗങ്ങൾക്കുള്ള വായ്പ വർദ്ധിപ്പിക്കാമെന്നും കാനറാ ബാങ്ക് 1996-97 മുതൽ മൂന്ന് വർഷത്തേക്ക് ഓരോ വർഷവും 10 ശതമാനം നിരക്കിൽ വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കാമെന്നും വാഗ്ദാനം നൽകിയിരുന്നു.

(സി) 1998 ഡിസംബറിലെ വായ്പാ നിക്ഷേപ അനുപാതം എസ്.ബി ഐ.യുടേത് 40.38 ശതമാനവും, എസ്.ബി.ടി.യുടേത് 42.43 ശതമാനവും, കാനറാ ബാങ്കിന്റേത് 39.28 ശതമാനവും ആണെന്ന് വിലയിരുത്തിയിരുന്നു.

(ഡി) അനുബന്ധമായി നൽകിയിരിക്കുന്നു.†

(ഇ) 1999 മാർച്ചിലെ കണക്ക് ലഭ്യമല്ല.

(എഫ്) പി.എം.ആർ.വൈ. പദ്ധതിപ്രകാരം 1998-99-ൽ 20,000 അഭ്യസ്തവിദ്യരായ യുവാക്കൾക്ക് വായ്പ നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 10,082 പേർക്ക് മാത്രമേ വായ്പ അനുവദിച്ചിരുന്നുള്ളൂ. അനുവദിച്ചതിൽ 5,696 പേർക്ക് വായ്പ നൽകി.

(ജി) 3-7-99-ൽ ബാങ്കുകളുടെ കൺസോർഷ്യം കോഴിക്കോട് ഡീസൽ പ്രോജക്ടിനുവേണ്ടി 190 കോടി രൂപയുടെ വായ്പ ലഭ്യമാക്കാമെന്ന് ഇലക്ട്രിസിറ്റി ബോർഡിനെ അറിയിച്ചിട്ടുണ്ട്. ഈ 190 കോടി രൂപയിൽ 25 കോടി രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രായൻകൂറിന്റെ വിഹിതമാണ്. എന്നാൽ ഇതു നൽകിയതായി അറിവില്ല. വായ്പ സ്വീകരിക്കുന്നതിനെ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല.

(എച്ച്) പൊതുമേഖലാ ബാങ്ക് അധികൃതരുമായി ചർച്ച നടത്തുകയും വായ്പാനിക്ഷേപാനുപാതം വർദ്ധിപ്പിക്കണമെന്ന് കർശനനിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

10 (3336) വാർഷിക കണക്കുകൾ സമർപ്പിക്കാത്ത പഞ്ചായത്തുകൾ

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിപ്രകാരമുള്ള ചെലവിനങ്ങളുടെ വിനിയോഗ കാലാവധി നീട്ടിയതിനുശേഷം 1997-98 സാമ്പത്തികവർഷത്തെ കണക്കുകൾ 1998 ഒക്ടോബർ 31-നകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഓഡിറ്റിനുവേണ്ടി നൽകിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഏതെല്ലാമാണ്;

(ബി) 1998 ഒക്ടോബർ 31-നകം ലഭിച്ച വാർഷിക കണക്കുകളുടെ അടിസ്ഥാനത്തിൽ എത്ര ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും കോർപ്പറേഷൻ, മുനിസിപ്പാലിറ്റികളുടേയും ഓഡിറ്റ് 1999 ജൂൺ മാസം വരെ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly